**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഉന്നതി സ്കോളർഷിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; | (എ) | വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി കോഴ്സുകളിൽ ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. 12,00,000/-രൂപ വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- (ഇരുപത്തഞ്ച് ലക്ഷം മാത്രം)രൂപയും 12,00,001-20,00,000 രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20,00,000/- (ഇരുപത് ലക്ഷം മാത്രം) രൂപയും 20,00,000/- രൂപക്ക് മുകളിൽ വരുമാനമുള്ള 25 പേർക്ക് പരമാവധി 15,00,000/-(പതിനഞ്ച് ലക്ഷം മാത്രം) രൂപയുമാണ് അനുവദിക്കുന്നത് . 50 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000 (ഇരുപത്തഞ്ച് ലക്ഷം മാത്രം) രൂപ വീതമാണ് അനുവദിക്കുന്നത്. ഒഡെപെക് വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ആയതിൻ മേലുള്ള അപ്പീലും, കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. |
| (ബി) | നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചു എന്നത് വ്യക്തമാക്കാമോ? | (ബി) | 2023 മാർച്ച് 31 വരെ 344പട്ടികജാതി വിദ്യാർത്ഥികളും 24പട്ടികവർഗ്ഗ വിദ്യാർത്ഥികളുമുൾപ്പെടെ 368 വിദ്യാർത്ഥികൾക്കും 2023 ഏപ്രിലിനുശേഷം സെപ്റ്റംബർ മാസത്തിൽ 5 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കൺഫർമേഷൻ നൽകിയ 191 പട്ടികജാതി വിദ്യാർത്ഥികളിൽ 178 |

| | | | |
|---|---|---|---|
| | | | പേരും ഉൾപ്പെടെ 183 വിദ്യാർത്ഥികൾക്കും 2024 ജനുവരി മാസത്തിൽ സർക്കാർ ഏജൻസിയായ ODEPC വഴി തെരഞ്ഞെടുത്ത 97-പട്ടികജാതി വിദ്യാർത്ഥികളിൽ 5 പേർക്കും 8 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 3 പേർക്കുമുൾപ്പെടെ 8വിദ്യാർത്ഥികൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 559 പട്ടികജാതി , പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ